# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1663** 03.05.2017-ൽ മറുപടിക്ക്

## ക്യാൻസർ രോഗികൾക്ക് സൗജന്യ യാത്ര

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | 'തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് വന്ന് പോകുന്ന പാവപ്പെട്ട രോഗികൾക്കും കൂടെവരുന്ന ഒരാൾക്കും ബസ്സ്/ട്രെയിനുകളിൽ സൗജന്യ യാത്ര അനുവദിയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | എ) & ബി) | ആർ.സി.സിയിലെ കാൻസർ രോഗികൾക്ക് റയിൽവേ സൗജന്യനിരക്കിൽ യാത്ര അനുവദിച്ചിട്ടുണ്ട്. രോഗിയുടെ തൊട്ടടുത്ത റയിൽവേ സ്റ്റേഷനിൽ നിന്ന് തിരുവനന്തപുരം റയിൽവേ സ്റ്റേഷൻ വരെയും തിരികെയുള്ള യാത്രയ്ക്കുമാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്. ഇതിനായി ഓരോ തവണത്തെ ആശുപത്രി സന്ദർശനത്തിനും രോഗിക്ക് ആർ.സി.സിയിൽ നിന്നും കൺസഷൻ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഈ സർട്ടിഫിക്കറ്റ് റയിൽവേ സ്റ്റേഷനിലെ ടിക്കറ്റ് കൗണ്ടറിൽ കാണിച്ചാൽ രോഗിക്ക് സൗജന്യ നിരക്കിലും ഒരു സഹായിക്ക് 50% സൗജന്യ നിരക്കിലും കൺസഷൻ ടിക്കറ്റ് ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യിൽ ഇത്തരത്തിലുള്ള ഒരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല. |
| ബി) | ഇല്ലെങ്കിൽ, ക്യാൻസർ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്കും കൂടെ സഹായി ആയി എത്തുന്ന ഒരാൾക്കും കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ചികിത്സയ്ക്ക് വന്ന് പോകുന്നതിന്, ബസ്സിലും/ട്രെയിനിലും യാത്രാ ആനുകൂല്യം നൽകുവാൻ ആരോഗ്യ വകുപ്പ് മുൻകൈ എടുത്ത് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ